(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-11/652/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ – 685 584
ഫോൺ : 04862-227332
ഇ-മെയിൽ : doidk.ksad@kerala.gov.in
തീയതി. 06.09.2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്

ബൈസൺവാലി ഗ്രാമപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ

വിഷയം:- ബൈസൺവാലി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **ബൈസൺവാലി** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ **ഭാഗം** 2, 3 എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് , തിരുവനന്തപുരം(ഇ-മെയിൽ മുഖാന്തിരം).

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി-തൊടുപുഴ.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ-ഐ.ഡി.കെ-11/652/2019 തീയതി : 06.09.2019

# ഇടുക്കി ജില്ലയിലെ ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994**ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4)** , **1994**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13**, **1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

***********************************

ഇടുക്കി ജില്ലയിലെ **ബൈസൺവാലി** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12-11-2018 മുതൽ 24-06-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി. ബേബി സനൂജ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25-06-2019 മുതൽ 29-06-2019 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എം. കെ. മധുസൂദനൻ നായർ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. എം. എസ്. രാജീവ് | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഇ. വി. ജിബി | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എം. കെ. അഭിലാഷ് | സീനി. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ബെന്നി മാത്യു | സീനി. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. മേജോ കെ. ജോർജ്ജ് | സീനി. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. കെ. സി. ബിനുമോൻ | ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. മഞ്ജു ജിൻസ് | 01-04-2018മുതൽ 22-10-2018 വരെ |
| | ശ്രീ. റോയിച്ചൻ ജോർജ്ജ് (വൈസ് പ്രസിഡന്റ് അധിക ചുമതല) | 23-10-2018മുതൽ 13-11-2018 വരെ |
| | ശ്രീമതി. മേഴ്സി തോമസ് | 14-11-2018മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ശ്രീ. പി. സുനിൽ | 01-04-2018മുതൽ 31-03-2019 വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി. എഞ്ചിനീയർ | ശ്രീ. എസ്.പി. ജയപ്രകാശ് | 01-04-2018മുതൽ 29-06-2018 വരെ |
| | ശ്രീ. പി. ആർ. സുഗതൻ (എ.ഇ. അടിമാലി, അധിക ചുമതല) | 30-06-2018 മുതൽ 20-08-2018 വരെ |
| | ശ്രീ. പി. പി. ധർമ്മ കീർത്തി | 21-08-2018മുതൽ 31-03-2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. പി. എസ്. ബബിത | 01-04-2018മുതൽ 31-03-2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി കെ.സി ഷിജിമോൾ | 01-04-2018മുതൽ 31-03-2019വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. കെ.പി രഹന | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. ശാലിനി ബാലചന്ദ്രൻ | 01-04- 2018 മുതൽ 03-07- |

| | | |
|---|---|---|
| (ആരോഗ്യം) | | 2018 വരെ |
| | ഡോ. അക്സീന അലി | 04-07-2018 മുതൽ 07-01-2019 വരെ |
| | ഡോ. ജിൻസി ജോസ് | 08-01-2019 മുതൽ 31-03-2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. സ്നേഹ അഗസ്റ്റ്യൻ | 01-04-2018 മുതൽ 15-10-2018 വരെ |
| | ഡോ. അലീറ്റ എൻ. ജോൺസ് | 16-10-2018 മുതൽ 31-03-2019 വരെ |
| ഹെഡ് മാസ്റ്റർ, ഗവ. ട്രൈബൽ യു.പി.സ്കൂൾ, ബൈസൺ വാലി | ശ്രീ. വി. കെ. നോബിൾ | 01-04-2018 മുതൽ 31-03-2019 വരെ |
| ഗ്രാമസേവകൻ | ശ്രീ. റിക്സൺ ജോർജ്ജ് | 01-04-2018 മുതൽ 31-03-2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. കെ. പി. പൈലി | 01-04-2018 മുതൽ 31-03-2019 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നം. | ഖണ്ഡിക |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്കിലെ അപാകതകൾ |
| 13 | 2-1 | ലോഡ്ജിംഗ് ഹൗസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല |
| 14 | 2-2 | ഡി. & ഒ. തൊഴിൽ നികുതി - സ്ഥാപനങ്ങളെ പൂർണമായി ഉൾപ്പെടുത്തിയിട്ടില്ല |
| 15 | 2-3 | ടെണ്ടർ ഫോറം രജിസ്റ്റർ പരിപാലിക്കുന്നില്ല |
| 16 | 2-4 | വരവിനങ്ങളിൽ ഗണ്യമായ തുക കുടിശ്ശികയായി തുടരുന്നു |
| 17 | 2-5 | അസി. എഞ്ചിനീയറുടെ അക്കൗണ്ടിൽ വലിയ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു |
| 18 | 3-1 | ആശുപത്രികളിലേയ്ക്ക് മരുന്ന് വാങ്ങൽ – വിതരണ ഏജൻസികൾ മരുന്ന് ലഭ്യമാക്കിയിട്ടില്ല |
| 19 | 3-2 | എച്ച്.എം.സി. - വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല |
| 20 | 3-3 | ആസ്തിരജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിയ്ക്കുന്നില്ല. |
| 21 | 3-4 | തനത് ഫണ്ടിൽ നിന്നുള്ള ആവർത്തന ചെലവുകൾക്ക് യഥാവിധി രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല |
| 22 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 23 | 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 24 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 25 | 4-4 | വായ്പ/വായ്പാതിരിച്ചടവ് |
| 26 | 4-5 | സ്ഥിര നിക്ഷേപം |
| 27 | 4-6 | ഓഡിറ്റ് റിക്കവറി |
| 28 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 29 | 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 30 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 31 | 4-10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 32 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2018-19 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 26-02-2018 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 07.02.2019ലെ 3-ാം നമ്പർ തീരുമാന പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പുതുക്കിയ ബജറ്റ് അവതരിപ്പിക്കുകയും 26-02-2019 ലെ 1-ാം നമ്പർ തീരുമാനപ്രകാരം ജനറൽ കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ₹1719741 |
| വരവ് | ₹138028568 |
| ചെലവ് | ₹137081000 |
| നീക്കിയിരിപ്പ് | ₹2667309 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 29.05.2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 24.05.2019 മുതൽ 25.05.2019 വരെ | കെ.എസ്.എ.-ഐ.ഡി.കെ.3/520(5)/196 തീ. 17.08.2019 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹12697531 |
| വരവ് | ₹51621214 |
| ആകെ | ₹64318745 |
| ചെലവ് | ₹52021923 |
| നീക്കിയിരിപ്പ് | ₹12296822 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 0 | 12723000 | 12723000 | 10885926 | 1837074 |
| | എസ്.സി.പി | 0 | 2868000 | 2868000 | 1328089 | 1539911 |
| | റ്റി.എസ്.പി | 0 | 1544000 | 1544000 | 1083984 | 460016 |
| സംരക്ഷണ | റോഡ് | 0 | 7730000 | 7730000 | 2106915 | 5623085 |

| ഗ്രാന്റ് | ഫണ്ടിനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| | റോഡിതരം | 0 | 2780000 | 2780000 | 1918111 | 861889 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ | | 0 | 5905000 | 5905000 | 5780000 | 125000 |
| സാക്ഷരത | | 701 | 0 | 701 | 59 | 642 |
| തൊഴിലുറപ്പ് പദ്ധതി | തൊഴിലാളികളുടെ കൂലി | 0 | 77255956 | 77255956 | 77255956 | 0 |
| | അഡ്മിനിട്രേറ്റീവ് ചെലവ് | 132042 | 5763443 | 5895485 | 5866156 | 29329 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് | | 709845 | 682135 | 1391980 | 700000 | 691980 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ടോട്ടൽ സാനിറ്റേഷൻ | | 563927 | 472464 | 1036391 | 0 | 1036391 |
| ജലനിധി | | 1753135 | 21519 | 1774654 | 1073147 | 701507 |
| വിമുക്തി | | 12500 | 25000 | 37500 | 13500 | 24000 |
| കൃഷി വകുപ്പ് | | 4975000 | 0 | 4975000 | 0 | 4975000 |
| ശുചിത്വ മിഷൻ | | 0 | 1387564 | 1387564 | 130000 | 1257564 |
| പ്രളയ ദുരിതാശ്വാസം | | 0 | 325000 | 325000 | 325000 | 0 |
| മറ്റ് പദ്ധതികൾ | | | | | | |
| എം.പി/എം.എൽ.എ. | | 2520634 | 67055 | 2587689 | 1957039 | 630650 |
| സംയുക്ത പദ്ധതികൾ | | | | | | |
| ജില്ലാപഞ്ചായത്ത് | | 0 | 2373557 | 2373557 | 2360000 | 13557 |
| ബ്ലോക്ക്പഞ്ചായത്ത് | | 0 | 1638739 | 1638739 | 1487075 | 151664 |
| ബി-ഫണ്ട് | | 0 | 22669740 | 0 | 22669740 | 0 |
| പൊതു ഉദ്ദേശ ഫണ്ട് | | 0 | 5780000 | 5780000 | 5780000 | 0 |
| മറ്റിനം | | | | | | |
| പ്ലാൻ സസ്പെൻസ് | | 44519 | 7078 | 51597 | 0 | 51597 |
| റിലീഫ് ഫണ്ട് | | 80 | 0 | 80 | 50 | 30 |
| കേരളോത്സവം | | 0 | 20000 | 20000 | 0 | 20000 |
| തനത് ഫണ്ട് | | | | | | |
| ബാങ്ക്+ക്യാഷ് | | 1203058 | 1660367 | 2863425 | 1847252 | 1016173 |
| ട്രഷറി | | 136891 | 1576612 | 1713503 | 679894 | 1033609 |

<u>കുറിപ്പ് :-</u>

| | |
|---|---|
| 1. | തനത് ഫണ്ട് ബാങ്ക് മുന്നിരിപ്പിൽ ₹1370705/- നിന്നും വിവിധ നികുതിയിനങ്ങളിലെ തുക ₹167647/- കുറച്ചാണ് ₹1203058/- എന്ന് കാണിച്ചിരിക്കുന്നത്. |
| 2. | ട്രഷറി മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവയിൽ നിന്നും കൃഷി വകുപ്പിൽ നിന്നും ലഭിച്ച് ₹4975000/- കുറവ് ചെയ്തതാണ്. (5664771+509059 = ₹6173830/-യിൽ നിന്നും ജില്ലാ/ ബ്ലോക്ക്പഞ്ചായത്ത് നീക്കിയിരിപ്പ് ₹765221/-, കൃഷി വകുപ്പ് ₹4975000/- കുറവ് ചെയ്തു). |

## 1-6 പദ്ധതി അവലോകനം

എ) <u>പദ്ധതി രൂപീകരണം</u>

| ഘട്ടം | തീയതി |
|---|---|
| വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ | 23.01.2018 |
| | |

| | |
|---|---|
| പദ്ധതി ആസൂത്രണ ഗ്രാമസഭ | 18.02.2018 മുതൽ 06.03.2018 വരെ |
| വികസന സെമിനാർ | 07.03.2018 |
| ഭരണ/സാമ്പത്തികാനുമതി വിവരം | തീരുമാന നമ്പർ:1(1) തീയതി :20.04.2018<br>(അന്തിമ പദ്ധതി) |
| ജില്ലാ ആസൂത്രണസമിതി അംഗീകാരം | 370/18/ഡി.പി.സി./ഡി.പി.ഒ.-ഐ.ഡി.കെ /<br>തീയതി.01.03.2019<br>(ഭേദഗതിയുൾപ്പെടെയുള്ള അന്തിമപദ്ധതി) |

ബി. അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 136 | 85841073 | 90 | 31005464 | 0 | 46 | 66.17 |

സി. നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിശദാംശങ്ങൾ

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 14 | 8 | 4433918 | 2837860 | 64.00 |
| അസി. എഞ്ചിനീയർ | 85 | 51 | 23720625 | 6643536 | 28.01 |
| കൃഷി ഓഫീസർ | 7 | 7 | 2414550 | 1467623 | 60.78 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 9 | 8 | 46868000 | 13657500 | 29.14 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 7 | 4243980 | 4126445 | 97.23 |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 6 | 5 | 1500000 | 933600 | 62.24 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 350000 | 350000 | 100.00 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 1 | 1000000 | 800000 | 80.00 |
| വെറ്ററിനറി സർജൻ | 4 | 1 | 1160000 | 50000 | 04.31 |
| ഹെഡ് മാസ്റ്റർ, ഗവ. യു.പി | 1 | 1 | 150000 | 138900 | 92.60 |

| | | | | | |
|---|---|---|---|---|---|
| സ്കൂൾ, ബൈസൺവാലി | | | | | |
| ആകെ | 136 | 90 | 85841073 | 31005464 | 36.12 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ്₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 132042 | 5763443 | 5895485 | 5866156 | 29329 |
| തൊഴിലാളികളുടെ കൂലി | 0 | 77255156 | 77255156 | 77255156 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 8640 | 3 |
| കർഷകതൊഴിലാളി പെൻഷൻ | 2315000 | 204 |
| വിധവാപെൻഷൻ | 4791600 | 388 |
| വാർദ്ധക്യകാലപെൻഷൻ | 12346900 | 1021 |
| വികലാംഗപെൻഷൻ | 3068400 | 240 |
| അവിവാഹിത പെൻഷൻ | 139200 | 11 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-06-2019 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ₹2804/- (രണ്ടായിരത്തി എണ്ണൂറ്റി നാല് രൂപ മാത്രം) യുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നു. എല്ലാ വാർഡുകളിലും പദ്ധതി ആസൂത്രണ ഗ്രാമസഭകൾ ചേരുകയും നിർദേശങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റികളും സ്റ്റാന്റിംഗ് കമ്മിറ്റികളും നിശ്ചിത ഇടവേളകളിൽ യോഗങ്ങൾ ചേരുകയും പദ്ധതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. എങ്കിലും തനത് വരുമാനത്തിൽ ചില മേഖലകളിൽ വീഴ്ചകൾ സംഭവിക്കുന്നുണ്ട്. വസ്തുനികുതി ഇനത്തിൽ തൻവർഷം ₹351317/-ഉം വാടകയിനത്തിൽ ₹230523/-ഉം കുടിശികയാണ്. സഞ്ചയ-സാംഖ്യ ഇന്റഗ്രേഷൻ പൂർണ്ണമായിട്ടില്ല. ലോഡ്ജിംഗ് ഹൗസുകളുടെ ലിസ്റ്റുകൾ എഴുതി

സൂക്ഷിക്കുന്നില്ല. ആസ്തി രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ജീവനക്കാർക്ക് ജോലി വിഭജനം ചെയ്ത് നൽകിയിട്ടുണ്ടെങ്കിലും കൃത്യമായ മോണിട്ടറിംഗ് നടക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് |
|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.05.2019 | 2018 ഒക്ടോബർ (റിപ്പാർട്ട് ലഭിച്ചിട്ടില്ല) |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.02.2016 | 2014-15 വരെ |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

1) പിരിഞ്ഞുകിട്ടുവാൻ സാധ്യതയില്ലാത്ത വരവുകൾക്ക് പ്രൊവിഷൻ നൽകിയിട്ടില്ല.

2) ആസ്തി ബാധ്യത പത്രികയിലെ ബി-4 ഷെഡ്യൂളിൽ 31.03.2019ൽ നീക്കിയിരിപ്പ് കാണിച്ചിട്ടുള്ള ചുവടെ . കൊടുത്തിരിക്കുന്ന ഹെഡുകളിലെ തുകകളുടെ കൃത്യതയും അവ നിക്ഷേപിച്ചിട്ടുള്ള അക്കൗണ്ടുകളും വ്യക്തമല്ല.

| ക്രമ നം. | ഹെഡ് | തുക ₹ |
|---|---|---|
| 1 | 320100115 | 1036391 |
| 2 | 320100121 | 691980 |
| 3 | 320200305 | 4975000 |
| 4 | 320200322 | 1257564 |
| 5 | 320300199 | 579754 |

3) വാർഷിക കണക്കുകൾ പ്രകാരം 2018-19 സാമ്പത്തിക വർഷം ₹2349351/-യുടെ ആസ്തി സൃഷ്ടിച്ചിട്ടുള്ളത് . ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4) 2018-19 സാമ്പത്തിക വർഷം വിവിധ ആസ്തികൾക്ക് തേയ്മാനമായി ₹1290465/- രേഖപ്പെടുത്തിയിട്ടുള്ളത് . 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) റൂൾസ്, ചട്ടം 58 പ്രകാരമല്ല.

5) ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ ആസ്തി ബാധ്യത പത്രികയിൽ ഡെപ്പോസിറ്റ് . തുകയായ ₹450885/-ന്റെ കൃത്യത വ്യക്തമല്ല.

6) ചുവടെ കൊടുത്തിരിക്കുന്ന അക്കൗണ്ടുകളുടെ 31.03.2019ലെ നീക്കിയിരിപ്പ് ബാങ്ക് . കണക്കുകളുമായി പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല.

1.

| ക്രമ നം. | അക്കൗണ്ട് ഹെഡ് | അക്കൗണ്ട് | വാർഷിക കണക്കിലെ നീക്കിയിരിപ്പ് ₹ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 450210101 | എസ്.ബി.ടി. പ്ലാൻ സസ്പെൻസ് (215) | 51597.00 |
| 2 | 450230101 | എസ്.സി.ബി.-തനത് ഫണ്ട്, പൊട്ടൻകാട് | 1166427.00 |
| 3 | 450610102 | എസ്.ബി.ടി. - തനത് ഫണ്ട്, പൊട്ടൻകാട് (647) | 1424720.00 |
| 4 | 450630102 | എസ്.സി.ബി.-റിലീഫ് ഫണ്ട്, പൊട്ടൻകാട് | 30.00 |

7) വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന വസ്തുനികുതി, വാടക എന്നീ വരവിനങ്ങളുടെ ഡിമാന്റ്-കളക്ഷൻ-ബാലൻസുകൾ അതത് വരവുകളുടെ രജിസ്റ്ററുകളുമായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | രജിസ്റ്റർ പ്രകാരം ₹ | | | വാർഷിക കണക്കുകൾ പ്രകാരം ₹ | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| വസ്തുനികതി-തൻവർഷം | 2628822 | 2177684 | 462161 | 2762130 | 2096415 | 664905 |
| വസ്തുനികതി-കുടിശ്ശിക | 1007049 | 583515 | 464379 | 1795735 | 580893 | 1364843 |
| വാടക-തൻവർഷം | 243936 | 193413 | 50523 | 423936 | 193413 | 230523 |
| വാടക-കുടിശ്ശിക | 23665 | 23476 | 189 | 31913 | 23665 | 8248 |

8) ഡി. & ഒ. രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ എന്നിവ എഴുതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ വാർഷിക . കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത വ്യക്തമല്ല.

9) അന്തിമ ബിൽ നൽകിയ പ്രവൃത്തികളുടെ മൂല്യം ₹458577/- ക്യാപ്പിറ്റൽ വർക്ക്-ഇൻ-പ്രോഗ്രസ് എന്ന . ശീർഷകത്തിൽ നിലനിർത്തിയിരിക്കുന്നു.

10) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ചെലവ് തുക വാർഷിക കണക്കിൽ കൊടുത്തിരിക്കുന്ന . കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## <u>ഭാഗം -2</u>

## <u>വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### 2-1 ലോഡ്ജിംഗ് ഹൗസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

ഡി. ആന്റ് ഒ. രജിസ്റ്റർ പരിശോധിച്ചപ്പോൾ, പഞ്ചായത്തിൽ റിസോർട്ടുകൾ, ഹോട്ടലുകൾ, ഹോംസ്റ്റേകൾ, ലോഡ്ജുകൾ തുടങ്ങിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കണ്ടെത്തി. 1955-ലെ തിരുവിതാംകൂർ കൊച്ചി പൊതുജനാരോഗ്യ നിയമത്തിലെ വകുപ്പ് 108-ൽ, ലോഡ്ജിംഗ് ഹൗസുകളുടെ വിശദാംശങ്ങളടങ്ങിയ രജിസ്റ്റർ പരിപാലിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും പഞ്ചായത്തിൽ അപ്രകാരമുള്ള രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. രജിസ്റ്റർ എഴുതി പരിപാലിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ഡി. & ഒ., തൊഴിൽ നികുതി - സ്ഥാപനങ്ങളെ പൂർണമായി ഉൾപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിൽ വാണിജ്യാവശ്യം എന്ന ഉപയോഗക്രമത്തിന് നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളിൽ വാണിജ്യാവശ്യത്തിനായി ലൈസൻസ് എടുക്കുകയും തൊഴിൽ നികുതി ഒടുക്കുവരുത്തുകയും ചെയ്ത സ്ഥാപനങ്ങളുടെ എണ്ണം വളരെ കുറവാണ്. വസ്തു നികുതി സംബന്ധിച്ച സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള വിവരങ്ങൾ പ്രകാരം വാണിജ്യാവശ്യം എന്ന ഉപയോഗക്രമത്തിന് നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വാണിജ്യാവശ്യത്തിനുള്ളവ | 463 |
| ഓഫീസ് ആവശ്യത്തിനുള്ളവ | 35 |
| അസംബ്ലി കെട്ടിടം, കൺവൻഷൻ സെന്റർ തുടങ്ങിയവ | 26 |
| വ്യവസായത്തിനുള്ളവ - കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 197 |
| ഇതര വ്യവസായത്തിനുള്ളവ | 17 |
| റിസോർട്ടുകൾ | 26 |
| സ്വകാര്യ ഹോസ്റ്റൽ,ഹോംസ്റ്റേ | 8 |
| ആശുപത്രികൾ | 2 |
| വിദ്യാഭ്യാസാവശ്യം | 14 |
| **ആകെ** | 788 |

ഡി. ആന്റ് ഒ. രജിസ്റ്റർ പ്രകാരം 76 സ്ഥാപനങ്ങൾ മാത്രമാണ് തൻവർഷം ലൈസൻസ് പുതുക്കിയിട്ടുള്ളത്. ഒന്നിൽ കൂടുതൽ മുറികളോ, കെട്ടിടങ്ങളോ ഒരു സ്ഥാപനത്തിന്റെ ഭാഗമായി ഉപയോഗിച്ചേക്കാമെന്നും കെട്ടിടങ്ങൾ ഒഴിഞ്ഞുകിടക്കാനുമുള്ള സാദ്ധ്യതയുണ്ടെങ്കിലും 9.6% സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് നല്കിയിട്ടുള്ളൂ എന്നത് പരിശോധിക്കപ്പെടേണ്ടതാണ്.

ഓഡിറ്റ് വർഷം 41 സ്ഥാപനങ്ങളിൽ നിന്നാണ് വ്യക്തിഗത തൊഴിൽ നികുതി ലഭിച്ചത് (5%). അതിൽ 14-ൽ താഴെ എണ്ണം മാത്രമാണ് സ്വകാര്യസ്ഥാപനങ്ങൾ.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് കൃത്യമായും കാലികമായും തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ലൈസൻസ് പരിധിയിൽ വരാത്ത സ്ഥാപനങ്ങളെ തിരിച്ചറിയുന്നതിന് സാധിക്കുന്നില്ല. മേൽ പ്രസ്താവിച്ച അപാകതകൾ പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി സ്ഥാപനങ്ങൾക്ക് വാർഡ് അടിസ്ഥാനത്തിൽ സ്ഥിരം നമ്പരുകൾ നൽകി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും പുതുതായി ആരംഭിക്കുന്ന സ്ഥാപനങ്ങളെ ഉൾപ്പെടുത്തി കാലാകാലങ്ങളിൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതുമാണ്. പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്നും തൊഴിൽ നികുതി ഒടുക്കുവരുത്തുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

മേൽ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കാര്യക്ഷമമായി ഇടപെടേണ്ടതും ജനപ്രതിനിധികളുടെ സഹകരണം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ലൈസൻസിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ, കെട്ടിടത്തിന്റെ വസ്തുനികുതി പാർപ്പിടേതര ഗണത്തിലുൾപ്പെട്ടതാണെന്ന് ഉറപ്പാക്കുന്നതടക്കമുള്ള പരിശോധനകൾ നടക്കുന്നുണ്ട് എന്നും വസ്തുനികുതി, തൊഴിൽ നികുതി എന്നിവയിൽ കണക്കാക്കിയ ഫീസ് നിയമാനുസൃതമാണ് എന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. കൃത്യമായ ഇടവേളകളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധനകൾ നടത്തേണ്ടതും പഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടാകുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 2-3 ടെണ്ടർ ഫോറം രജിസ്റ്റർ പരിപാലിക്കുന്നില്ല

തൻവർഷം ടെണ്ടർഫോറം വിൽപ്പന ഇനത്തിൽ വാർഷിക ധനവിവര പത്രിക പ്രകാരം ₹143985/- വരവുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത്

ഇതുസംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ലെഡ്ജർ പരിശോധിച്ചതിൽ ഭൂരിഭാഗം എണ്ണത്തിലും ഇനങ്ങളുടെ മതിയായ വിവരങ്ങൾ രേഖപ്പെടുത്താതെ തുക ഉൾപ്പെടുത്തിയതായി കാണുന്നു. കൂടാതെ, ഭൂരിപക്ഷം ടെണ്ടർഫോറങ്ങളിലും തുക, രസീത് നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വിൽപ്പന നടത്തിയ എല്ലാ ടെണ്ടർ ഫോമുകളുടെയും വരവ് തുക കണക്കിൽ ഉൾപ്പെടുത്തിയെന്ന് ഉറപ്പാക്കാനായില്ല. ഭാവിയിൽ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നതിനും ലെഡ്ജറിൽ വിവരങ്ങൾ വിശദമായി രേഖപ്പെടുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 2-4 വരവിനങ്ങളിൽ ഗണ്യമായ തുക കുടിശ്ശികയായി തുടരുന്നു

തൻവർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തു നികുതി, വാടക എന്നീ ഇനങ്ങളിൽ ഗണ്യമായ തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| നികുതി ഇനം | തൻ വർഷം ₹ | കുടിശിക ₹ | ആകെ ₹ |
|---|---|---|---|
| വസ്തു നികുതി-പാർപ്പിടം | 351317 | 150384 | 501701 |
| വസ്തു നികുതി-പാർപ്പിടേതരം | 346833 | 1282701 | 1629534 |
| വാടക | 230523 | 8248 | 238771 |

ഡി. & ഒ. ലൈസൻസ്, സ്ഥാപന തൊഴിൽ നികുതി എന്നീയിനത്തിൽ വരവുണ്ടെങ്കിലും വാർഡ് തിരിച്ചുള്ള സ്ഥാപന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തൻവർഷത്തെയും മുൻവർഷങ്ങളിലെയും വാടകയുടെ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 243 പ്രകാരം, കുടിശ്ശികയായ നികുതി തുകകൾ കാലഹരണപ്പെട്ട് പോകാതെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-5 അസി. എഞ്ചിനീയറുടെ അക്കൗണ്ടിൽ വലിയ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു.

അസി. എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ., രാജകുമാരി ശാഖയിലുള്ള 6705514189 നമ്പർ എസ്.ബി. അക്കൗണ്ടിൽ 31-03-19ലെ നീക്കിയിരിപ്പ് ₹238250.50യാണ്. ഈ തുകയിൽ ഏതെങ്കിലും സ്ഥാപനത്തിലേയ്ക്ക് ഒടുക്കേണ്ടതായ തുകയുണ്ടെങ്കിൽ ആയത് ഒടുക്കി ശേഷിക്കുന്ന തുക മേൽ നടപടിക്കായി പഞ്ചായത്തിനെ ഏൽപ്പിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആശുപത്രികളിലേക്ക് മരുന്ന് വാങ്ങൽ - വിതരണ ഏജൻസികൾ മരുന്ന് ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് തൻവർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി പ്രാഥമികാരോഗ്യകേന്ദ്രം, ആയുർവ്വേദാശുപത്രി, ഹോമിയോ ആശുപത്രി എന്നിവിടങ്ങളിലേക്ക് മരുന്ന് വാങ്ങുന്നതിനായി തുക കൈമാറിയിരുന്നെങ്കിലും നാളിതുവരെ മരുന്നുകൾ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

| പ്രോജക്ട് നം./പേര് | 27/19 പ്രാഥമികാരോഗ്യ കേന്ദ്രം മരുന്ന് വാങ്ങൽ | 28/19 ആയുർവ്വേദാശുപത്രിക്ക് മരുന്ന് വാങ്ങൽ | 107/19 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
|---|---|---|---|
| അടങ്കൽ | 300000 | 350000 | 150000 |
| ബിൽ നം./തുക | 4/28.03.2019, ₹300000/- | 1/18-19/28.03.2019 ₹350000 | 39/18-19/16.03.2019 ₹150000 |
| | | | |

| | | | | |
|---|---|---|---|---|
| ലഭിച്ച മരുന്നിന്റെ തുക | ലഭിച്ചിട്ടില്ല | 340217 | ലഭിച്ചിട്ടില്ല | ഇൻവോയിസ് പ്രകാരം ആവശ്യപ്പെട്ടിരുന്ന മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. |
| ലഭിക്കുവാനുള്ള മരുന്നിന്റെ തുക | 300000 | 9783 | 150000 | |

## 3-2 എച്ച്.എം.സി. - വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപെട്ടതാണ്. വകുപ്പ് 173(എ), 2010ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം 3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൈമാറിയിട്ടുള്ള ആശുപത്രികളിൽ (പി.എച്ച്.സി., ഹോമിയോ, ആയുർവ്വേദം) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിന് കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൌണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

## 3-3 ആസ്തിരജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിയ്ക്കുന്നില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 13.01.2010ലെ സർക്കുലർ നമ്പർ 58608/ഡി.ബി-2/2009 പ്രകാരം ആസ്തി രജിസ്റ്ററുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതെങ്ങനെയെന്ന് വ്യക്തമായി നിർദ്ദേശിക്കുന്നു. ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ഫണ്ട് അനുവദിയ്ക്കുന്നതും ആസ്തി രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങളെ അടിസ്ഥാനമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറിയപ്പോൾ ആസ്തികളുടെ മൂല്യം കണക്കാക്കി വാർഷികധനകാര്യപത്രികയുടെ ഭാഗമാക്കി രേഖപ്പെടുത്തേണ്ടതാണ്. ആസ്തികളുടെ വിവരങ്ങൾ നാല് രജിസ്റ്ററുകളിലായി പത്ത് ഫോറങ്ങളിൽ യഥാക്രമം ഭൂമി, കെട്ടിടങ്ങൾ, റോഡുകൾ, ലെയ് നകൾ, കലുങ്കുകൾ, പാലങ്ങൾ, കുടിവെള്ളം, ജലസേചനം, വൈദ്യുതി, മാലിന്യസംസ്കരണം, ജംഗമവസ്തുക്കളുടെ വിവരണം, എന്നിങ്ങനെ രേഖപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ ആസ്തിരജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഇവ സൂക്ഷിച്ചിരിയ്ക്കുന്നത് സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചല്ല എന്ന് വ്യക്തമാണ്. ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണവുമാണ്. പുതിയതായി ആർജ്ജിച്ചതോ കയ്യൊഴിഞ്ഞതോ ആയ ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്ററുകൾ നാളിതുവരെ പുതുക്കി സർക്കാർ സർക്കുലറിൽ പറഞ്ഞ പ്രകാരമുള്ള ഫാറങ്ങൾ സൂക്ഷിയ്ക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 തനത് ഫണ്ടിൽ നിന്നുള്ള ആവർത്തന ചെലവുകൾക്ക് യഥാവിധി രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.

1. <u>പെൻഷൻ കോൺട്രിബ്യൂഷൻ രജിസ്റ്റർ</u>

ജീവനക്കാരുടെ പെൻഷൻ കോൺടിബ്യൂഷൻ പ്രതിമാസം ഒടുക്കുന്നതിന്റെ വിശദാംശങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല. ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ പെൻഷൻ വിഹിതം ഈടാക്കുന്നതിന്റെയും തുക ഒടുക്കുന്നതിന്റെയും വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി

സൂക്ഷിക്കുന്നില്ല.

2. വൈദ്യുതി ചാർജ് ഒടുക്കുന്നത് സംബന്ധിച്ച രജിസ്റ്റർ

ഗ്രാമപഞ്ചായത്തിൽ വിവിധ കൺസ്യൂമർ നമ്പറിൽ വൈദ്യുതി ചാർജ് ഒടുക്കുന്നുണ്ടെങ്കിലും ഓരോ കൺസ്യൂമർ നമ്പറിൽപ്പെട്ട കെട്ടിടത്തിന്റെ വിവരവും തുക ഒടുക്കുന്നതിന്റെ വിശദാംശങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകത പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| അടിമാലി ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 542739 | 83/2019 ലൈഫ് ഭവനപദ്ധതി (പൊതു വിഭാഗം) | 530000 | 12739 |
| | | 105025 | 84/2019 ലൈഫ് ഭവനപദ്ധതി (എസ്.സി.പി) | 0 | 105025 |
| | | 150000 | 44/2019 സാന്ത്വന പരിചരണം | 144150 | 5850 |
| | | 213675 | 135/2019 സാന്ത്വന പരിചരണം (സ്പിൽ ഓവർ) | 185625 | 28050 |
| | | 252300 | 26/2019 വൃദ്ധർക്ക് കട്ടിൽ | 252300 | 0 |
| | | 200000 | 96/2019 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| | | 175000 | 33/2019 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 175000 | 0 |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | | 2073557 | 83/2019 ലൈഫ് ഭവനപദ്ധതി (പൊതു വിഭാഗം) | 2060000 | 13557 |
| | | 300000 | 96/2019 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 300000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

– ഇല്ല –

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

– ഇല്ല –

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക₹ | തൻവർഷം തിരിച്ചടച്ച തുക₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനപദ്ധതി | സ.ഉ (സാധാ) 1019/09/ ത.സ്വ.ഭ.വ തി.25-03-2009 | 10184944 | 2036974 | 1018500 | 124733 | 1018474 |
| ലൈഫ് ഭവന പദ്ധതി | സ.ഉ(കൈ) 68/2018/ ത.സ്വ.ഭ.വ തീ 18.05.2018 | 6170000 | 6170000 | - | - | 6170000 |

## 4-5 സ്ഥിര നിക്ഷേപം

– ഇല്ല –

## 4-6 ഓഡിറ്റ് റിക്കവറി

– ഇല്ല –

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ്-23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-1<br>2-3 | 2016-17 | അനുബന്ധം 3 & 4 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | തൽസ്ഥിതി തുടരുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) <u>ചാർജ് നടപടി വഴി ഈടാക്കിയ തുക</u>

– ഇല്ല –

(ബി) <u>സർചാർജ് നടപടി വഴി ഈടാക്കിയ തുക</u>

| | | | | സർചാർജ് സർട്ടിഫിക്കറ്റ് | | | | കോടതി വ്യവഹാരങ്ങളിൽ/ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ | റിപ്പോർട്ട് | ഖണ്ഡിക | ഉത്തരവാദിയായ | നം./ | തുക | സ്വയം | റവന്യൂ | (ഉൾപ്പെട്ട | ഈടാ | ആകെ | അവശേ | റിമാർ |

| നം. | വർഷം | നം. | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം., ഭരണ വകുപ്പ് | തിയതി | ₹ | അടവാക്കിയ തുക (രസീത് നം./ തീയതി) | റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി | തുക ₹ | ക്കിയ തുക ₹ | ലഭിച്ച തുക ₹ | ഷിക്കുന്ന തുക/ ബാധ്യത ₹ | ക്കസ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | 1997-98 | 25(2) | Dr.BENNAPPAN C. VETERINARY SURGEON | LF.13006/ CELL. SC2/2001, 27.5.2002 | 7150 | 6007/78, 6.1.2009 | | | | 7150 | 0 | |
| | 1997-98 | 27 | ROBERT CORREYA, HC , In charge of SECERETARY | LF.13006/ CELL. SC2/2001, 27.5.2002 | 1000 | 26114/87, 25.4.2002 | | | | 1000 | 0 | |
| | 2003-04 | 3.4 (PART) | N.P.ADAM, ASST. ENGG. | LF.19644/ SP.CELL. SC2/2007, 24.10.2009 | 7794 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | | 7794 | |
| | 2003-04 | 3.4 (PART) | K.J. JOSE, ASST. EXE. ENGG. | LF.19644/ SP.CELL. SC2/2007, 24.10.2009 | 7794 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | | 7794 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹51621214 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹52021923 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ ₹ | സർചാർജ് ചെയ്യാവുന്നവ ₹ | |
| - ഇല്ല - | | | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| - ഇല്ല - | | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക ₹ |
|---|---|
| ഇല്ല | |

(ഇ) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

| ഖണ്ഡിക നമ്പർ |
| --- |
| - ഇല്ല - |

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
| --- | --- | --- |
| - ഇല്ല - | | |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നം. |
| --- | --- | --- | --- |
| 1996-97 | LFI-8/666/97,13.11.99 | 8 | PART-III-1,2, PART-IV- 1,2,3,4,5,6 |
| 1997-98 | LFI-8/87/2001,01.02.2001 | 5 | 24, 25, 26, 27, 28 |
| 1998-99 | LFI-8/412/2000,19.07.02 | 7 | 20, 21, 22, 23, 24, 25, 27, |
| 1999-00 | LFI-8/375/2002,20.07.02 | 11 | 20(A)(B), 21, 22, 23, 24, 25, 26, 27, 28, 29 |
| 2000-01 | LFI-8/224/03,02.07.03 | 5 | 21, 23, 24, 26, 27 |
| 2001-02 | LFI-8/659/03,27.08.05 | 3 | 2.1, 2.2, 2.3, |
| 2002-03 | LFI-7/519/06,20.07.06 | 4 | 2.1, 3.1, 3.2, 3.3, |
| 2003-04 | LFI-7/794/07, 06.10.17/01.11.17 | 16 | 2.1, 2.2, 2.3, 2.4, 2.5, 2.6, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8(A)(B)(C), |
| 2004-05 | LFI-7/1046/08,18.4.09/ 30.09.09 | 11 | 2.1(A)(B)(C), 2.2(A)(B)(D), 3.1, 3.2, 3.3, 3.4, 3.5, |

| | | | |
|---|---|---|---|
| 2005-06 | LFI-7/12/2009,20.5.09/ 30.09.09 | 12 | 2.1, 2.2(A)(B)(C), 2.3, 2.4, 3.1, 3.2, 3.4, 3.5, 3.6, 3.7, |
| 2006-07 | LFI-7/717/2008,11.12.2008 | 6 | 2.2, 3.2, 3.3, 3.4, 3.5, 3.6 |
| 2007-08 | LFI-11/1211/2010,26.03.11 | 14 | 2-3(1),(2), 2.4, 2.5, 2.6, 2.7, 2.8, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7 |
| 2008-09 | LFI-11/1285/2012,21.01.2013 | 12 | 2.1, 2.2, 2.3, 2.4, 2.5, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7 |
| 2009-10 | LFI-11/1351/2012, 06.04.13/09.06.14 | 17 | 2-1, 2-2(A),(B), 2-3, 2-4, 2-5, 2-6(A),(B), 3-1, 3-2, 3-3, 3-4,3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, |
| 2010-11 & 2011-12 | LFI-11/550/2014,01.10.14 | 12 | 2.1, 2.2(A,B,C,D), 2.3, 2.4, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8,, |
| 2012-13 | LFI-11/1260/2014,10.11.2014 | 13 | 2.1, 2.2, 2.3, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8, 3.9, 3.10, |
| 2013-14 | KSA,IDK-11/208/2016, 23.06.16 | 23 | 2.1, 2.2, 2.3, 2.4, 2.5, 2.6, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8, 3.9, 3.10, 3.11, 3.12, 3.13, 3.14, 3.15, 3.16, 3.17, |

| | | | |
|---|---|---|---|
| 2014-15 | KSA-IDK-11/142/2017, 04.02.17 | 9 | 2.1, 2.2, 2.3, 3.1, 3.2, 3.3, 3.4, 3.5, 3.6 |
| 2015-16 | KSA-IDK-11/143/2017, 03.02.17 | 5 | 2.1, 2.2, 3.1,3.2,3.3, |
| 2016-17 | KSA-IDK-11/1373/17, 03.11.17 | 8 | 2.1, 2.2, 2.3, 2.4, 2.5, 3.1, 3.2, 3.3 |
| 2017-18 | KSA-IDK-11/1313/2018 07.01.2009 | 12 | 2-1,2-2,2-3,2-4,3-1,3-2, 3-3, 3-4,3-5,3-6,3-7,3-8 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി

അനുബന്ധം - 1

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

<u>നം.കെ.എസ്.എ-ഐ.ഡി.കെ-11/652/2019</u>

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം

തൊടുപുഴ – 685 584

ഫോൺ : 04862-227332

*ഇ-മെയിൽ* : doidk.ksad@kerala.gov.in

തീയതി. 06.09.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി